LIBRARY ARCHIVES Kerala Legislative Assembly

ക്ലീൻ കേരള കമ്പനിയുടെ മാലിന്യശേഖരണം

138 (1574) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ലീൻ കേരള കമ്പനി എവിടെ നിന്നൊക്കെയാണ് പ്ലാസ്റ്റിക്, ഇ-മാലിന്യങ്ങൾ ശേഖരിക്കുന്നത് ;

(ബി) ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾക്ക് പ്രതിഫലം നൽകുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏതു നിരക്കിലാണ് ?

ഉത്തരം

(എ) സംസ്ഥാനത്തെ 5 മുനിസിപ്പൽ കോർപ്പറേഷനുകളിൽനിന്നും 60 മുനിസിപ്പാലിറ്റികളിൽനിന്നുമാണ് ക്ലീൻ കേരള കമ്പനി പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നത്. കൂടാതെ സംസ്ഥാനത്തെ സർക്കാർ, അർദ്ധ-സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ഇ-മാലിന്യങ്ങളും ശേഖരിച്ചു വരുന്നു.

(ബി) ഉണ്ട്.

(സി) ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾക്ക് കിലോഗ്രാമിന് രണ്ടുരൂപ നിരക്കിലും ഇ-മാലിന്യങ്ങൾക്ക് കിലോഗ്രാമിന് അഞ്ചു രൂപ നിരക്കിലും പ്രതിഫലം നൽകുന്നു.

സംയോജിത ജില്ലാ വികസന രൂപരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ

139 (1575) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ തയ്യാറാക്കിയിട്ടുള്ള സംയോജിത ജില്ലാ വികസന രൂപരേഖ, മാതൃക ജില്ലാ പ്ലാനായി പഞ്ചായത്തിരാജ് റിപ്പോർട്ടിൽ ശ്രീ. മണിശങ്കർ അയ്യർ ശിപാർശ ചെയ്തിട്ടുണ്ടോ ;

(ബി) കേരളത്തിലെ ഏതെല്ലാം ജില്ലകളിൽ പ്രസ്തുത മാതൃക നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട് ;

(സി) നിലവിൽ ഏതൊക്കെ ജില്ലകളിലാണ് പ്രസ്തുത മാതൃക നടപ്പാക്കി കൊണ്ടിരിക്കുന്നത് ; ആയതിന്റെ പുരോഗതി സംബന്ധിച്ച് വിശദമാക്കുമോ ?